**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ മുൻഗണന ലിസ്റ്റിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിനായി പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ മൂലം സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീട്ടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണം, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹനം എന്നീ വകുപ്പുകളിൽ നിന്ന് ലഭിച്ചതിന്റെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ചതിന്റെയും അടിസ്ഥാനത്തിലാണ് അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി വരുന്നത്. കൂടാതെ എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് ബോധ്യപ്പെട്ട ശേഷം മാത്രമാണ് മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത് |
| (ബി) | മുൻഗണന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുണ്ടായ സാങ്കേതികത്വവും അവ്യക്തതയും മൂലം അർഹരായ പല കുടുംബങ്ങളും മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ക്ലോസ് എ യുടെ ഉത്തരം കണ്ടാലും. |
| (സി) | ഇക്കാര്യം പരിഹരിക്കുന്നതിനായി കാർഡ് മാറ്റത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ